ഇലക്ട്രിസിറ്റി ബോർഡ് എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയനിൽനിന്നും ലഭിച്ച നിവേദനം

* 588. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റിബോർഡിലെ ജൂനിയർ എൻജിനീയർ തസ്തികയിലേക്കുള്ള റിക്രൂട്ടുമെന്റും പ്രമോഷനും സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡ് എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയനിൽനിന്നും വല്ല നിവേദനവും സർക്കാരിനു ലഭിച്ചിരുന്നോ ;

(ബി) ഗവണ്മെന്റു പുറപ്പെടുവിച്ച 1955 മാർച്ചു 12-ാം തീയതിയിലെ (E. L2-12035/53/P. W. C.) ഓർഡറിനു വിപരീതമായിട്ടാണോ ബോർഡ് 13-10-1962 മുതൽ പ്രമോഷൻ നൽകിവരുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ലഭിച്ചിരുന്നു.

(ബി) നിലവിലുള്ള ഗവണ്മെന്റു് ഓർഡറിനു വിപരീതമായിട്ടാണു് ഇലക്ട്രിസിറ്റിബോർഡു് 13-12-62-മുതൽ പ്രമോഷൻ നടത്തിയിട്ടുള്ളതു് എന്നു പറയുവാൻ നിവൃത്തിയില്ല. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഈ നിയമം ശരിക്കും പാലിക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന വൈഷമ്യങ്ങളും, ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ചില വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചു എന്നു പറഞ്ഞുവല്ലോ ? ആ വൈഷമ്യങ്ങൾ എന്തെല്ലാമാണു് ?

ശ്രീ. ആർ. ശങ്കർ : അതിന്റെ ഡീറ്റെയിൽസ് എന്റെ കൈവശമില്ല.

ആശുപത്രികളിലേക്കു് ആവശ്യമുള്ള സ്റ്റാഫ്

* 589. [4] ശ്രീ. പി. സി. ആഗിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ആശുപത്രിയിലേക്കും ആവശ്യമുള്ള സ്റ്റാഫ് ഇന്നു് ഉണ്ടോ ;

(ബി) കുന്നത്തൂർ താലൂക്കിൽ എത്തെല്ലാം ആശുപത്രികളാണുള്ളതു് ;

(സി) പ്രസ്തുത ആശുപത്രികളിൽ ആവശ്യമുള്ള സ്റ്റാഫ് ഇന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) മിക്കവാറും എല്ലാ ആശുപത്രികളിലും ഉണ്ടു്.

(ബി) 1. താലൂക്കു് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടൂർ.
2. ഗവണ്മെന്റു ഡിസ്പെൻസറി, ശാസ്താംകോട്ട.
3. ഗവണ്മെന്റു ഡിസ്പെൻസറി, കടമ്പനാട്ടു്.
4. പ്രൈമറി ഹെൽത്തു് സെന്റർ, ശൂരനാട്ടു്.
5. ഗവണ്മെന്റു ഡിസ്പെൻസറി, ചന്ദനപ്പള്ളി.
6. ടി. എം. ഡിസ്പെൻസറി, കുടൽ.

(സി) ഉണ്ടു്.

---

* Put by Shri R. Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ആദിച്ചൻ : കുന്നത്തൂർ താലൂക്കിലുള്ള ചില ആശുപത്രികളിൽ ആവശ്യമുള്ള സ്റ്റാഫ് ഇല്ല. ഒറ്റ നേഴ്സുപോലും ഇല്ലാത്ത ചില സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. കാരണം ഒരു നേഴ്സിനേയോ മറ്റോ നിയമിക്കും. അവർ പ്രകൃതിയുടെ വിളിക്കു പോകേണ്ടിവരുമെല്ലോ ? , പ്രകൃതിയുടെ വിളി എന്നു പറഞ്ഞല്ലൊണ്ട് മനസ്സിലായിക്കാണും എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ വേണ്ട ഏർപ്പാടുകളും ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മെമ്പർ പറഞ്ഞ കാര്യങ്ങൾക്ക് ആശുപത്രിയിൽത്തന്നെ സൗകര്യം ഉണ്ട്. എന്തായാലും ഇപ്പോൾ അഞ്ചു നേഴ്സുകളുടെ സാംഗ്ഷൻ പോസ്റ്റ് ഉണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : മലബാറിലുള്ള കീഴ്പ്പള്ളി താലൂക്കിലും കൂട്ടുമുഖത്തും വളരെ നാളായി ഡാക്ടറന്മാർ ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൂട്ടുമുഖത്തെ കാര്യം എനിക്കറിഞ്ഞുകൂടാ. കീഴ്പ്പള്ളിയെ സംബന്ധിച്ചു പറയാം. പല തവണ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. പല പ്രാവശ്യവും ഡാക്ടറന്മാരെ അവിടെ പോസ്റ്റു ചെയ്തിട്ടുണ്ട്. ഡാക്ടർക്കു താമസിക്കാൻ യാതൊരു സൗകര്യവുമില്ല എന്നുള്ള കാരണത്താൽ രണ്ടുമൂന്നു ഡാക്ടറന്മാരെ നിയമിച്ചിട്ട അവർ രാജിവച്ചുപോവുകയാണ് ചെയ്തിട്ടുള്ളതു്.

ശ്രീ. എൻ. ഈ. ബലറാം : തിരുവനന്തപുരം പട്ടണത്തിലെ അത്യാവശ്യം സൗകര്യമുള്ള ഒരു വീട് ഡിസ്പെൻസറിക്കുവേണ്ടി ഏർപ്പാടുചെയ്തിട്ട് നാലു മാസമായി. ഇനിയും താമസിക്കാൻ സൗകര്യമില്ലാ എന്നു പറഞ്ഞു ഡാക്ടറന്മാർ വരാതിരിക്കുന്നതു ശരിയാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താമസത്തിനു സൗകര്യമുള്ള സ്ഥലം കിട്ടിയിട്ടുണ്ടെങ്കിൽ തീർച്ചയായും ഈ കാര്യം അന്വേഷിക്കാം.

വൈദ്യസഹായം

* 590. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യസഹായം നൽകുന്നതിന് കേരളത്തിൽ ശരാശരി ആളൊന്നിന് എത്ര തുക ഗവണ്മെൻറു ആണ്ടിനാൽ, ഇപ്പോൾ ചെലവാക്കുന്നുണ്ട് ;

(ബി) സാമ്പത്തിക കഴിവുള്ളവരിൽനിന്നും നിഷ്കർഷയോടെ ഗവണ്മെൻറ് ആശുപത്രികളിൽ മരുന്നുവിലയും മറ്റു ഫീസുകളും ഈടാക്കുന്നതിനുവേണ്ട നടപടികളും ഗവണ്മെൻറ് സ്വീകരിക്കുമോ ;

(സി) എല്ലാ പഞ്ചായത്തുകളിലും വൈദ്യസ്ഥാപനം ഉണ്ടാക്കുക എന്ന ലക്ഷ്യം എന്നേയ്ക്കു നിറവേറ്റുവാൻ കഴിയുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അലോപ്പതി 1 രൂപ 86 നയാപൈസ.
ആയുർവ്വേദം 21 നയാപൈസ.
ഹോമിയോപ്പതി 21 നയാപൈസ.

(ബി) സാമ്പത്തിക കഴിവുള്ളവരിൽനിന്നും പേ വാർഡിൽ കിടത്തി ചികിത്സിക്കുന്നതിനും എക്സ്റേ ലാബറട്ടറി മുതലായ പരീക്ഷണങ്ങൾക്കും ഫീസ് ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly